ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

10

DATE : 10.06.2025 TIME:12.50PM

# പ്രധാന വാർത്തകൾ

1) രാജ്യത്തിന്റെ പ്രതിരോധ മേഖല കഴിഞ്ഞ പതിനൊന്ന് വർഷത്തിനിടെ ശ്രദ്ധേയമായ മാറ്റങ്ങൾക്ക് വിധേയമായതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.

**Prime Minister Narendra Modi has highlighted the remarkable transformation in India's defence sector over the last eleven years.**

2) കോഴിക്കോട് തീരത്തിനു സമീപം അപകടത്തിൽപ്പെട്ട ചരക്ക് കപ്പലിലെ തീ അണയ്ക്കാനുള്ള ശ്രമം തുടരുന്നു. കാണാതായവർക്കായി തിരച്ചിൽ ഊർജിതം.

**Attempts continue to extinguish fire on the Singapore-flagged cargo ship that caught fire near Kozhikode coast.**

3) പാക് ഷെല്ലാക്രമണത്തിൽ തകർന്ന, വീടുകളുടെ പുനർനിർമ്മാണത്തിനായി അധിക ധനസഹായം അനുവദിച്ച് കേന്ദ്രസർക്കാർ.

**The government will facilitate an additional provision of 25 crore rupees for 2,060 houses damaged in border areas.**

4) നിലമ്പൂരിൽ ഉപതിരഞ്ഞെടുപ്പിനുള്ള പ്രചാരണം ശക്തമാക്കി രാഷ്ട്രീയ പാർട്ടികൾ.

**Political parties intensified campaigns for Nilambur byelection**

5) ഇന്ത്യൻ യാത്രികൻ ശുഭാൻശു ശുക്ല ഉൾപ്പെടെ നാല് പേരുമായി ആക്സിയം-4 നാളെ ബഹിരാകാശത്തേക്ക് കുതിക്കും.

**Launch of Axiom-4 mission to carry India's astronaut Shubhanshu Shukla to space postponed till tomorrow due to bad weather.**

6) യുഎസ്- ചൈന വ്യാപാര യുദ്ധം പരിഹരിക്കുന്നതിനുള്ള ചർച്ചകൾക്ക് ലണ്ടനിൽ തുടക്കമായി.

**A new round of talks aimed at resolving the trade war between the US and China has started in London.**

&&&&&&&&&&&&&&&&&&

## HEADLINE-1

**PM-DEFENCE SECTOR**

രാജ്യത്തിന്റെ പ്രതിരോധ മേഖല കഴിഞ്ഞ പതിനൊന്ന് വർഷത്തിനിടെ ശ്രദ്ധേയമായ മാറ്റങ്ങൾക്ക് വിധേയമായതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രതിരോധ നിർമാണ

രംഗത്തെ ആധുനികവൽക്കരണത്തിനും സ്വയംപര്യാപ്തതയ്ക്കും പ്രത്യേക പ്രാധാന്യം നൽകുന്നതായും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. രാജ്യത്തെ ശക്തിപ്പെടുത്തുന്നതിനായി ജനങ്ങൾ ഒന്നിച്ചു നിൽക്കുന്നത് സന്തോഷകരമായ കാഴ്ചയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ചരിത്രപരമായ മാറ്റങ്ങൾക്കാണ് രാജ്യത്തെ പ്രതിരോധ മേഖല കഴിഞ്ഞ 11 വർഷത്തിനിടെ വിധേയമായതെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ് പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വം, അതിർത്തി മേഖലകളെ ശക്തിപ്പെടുത്താനും, സേനയുടെ ആധുനികവത്കരണത്തിനും വഴിയൊരുക്കിയതായും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. തദ്ദേശീയമായ ആയുധങ്ങൾ, പ്രതിരോധ കയറ്റുമതിയിലെ വർദ്ധന, ആഗോളതലത്തിലെ വിശ്വാസ്യത എന്നിവയിലൂടെ പ്രതിരോധ മേഖലയെ സ്വയംപര്യാപ്തമാക്കാൻ സർക്കാരിന് സാധിച്ചതായും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## HEADLINE-2

**SHIP TRAGEDY**

കോഴിക്കോട് തീരത്തിന് സമീപം തീപിടുത്തമുണ്ടായ സിംഗപ്പൂർ ചരക്കുകപ്പൽ വാൻഹായി-503 ലെ തീ അണയ്ക്കാനുള്ള ശ്രമങ്ങൾ തുടരുന്നു. നിലവിൽ കപ്പലിലുണ്ടായിരുന്ന 18 പേരെ രക്ഷിച്ച് മംഗലാപുരം തീരത്തെത്തിച്ചിരുന്നു. പരിക്കേറ്റ 5 പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇതിൽ 2 പേരുടെ പരുക്ക് ഗുരുതരമാണ്. കാണാതായ നാല് പേർക്കായി തിരച്ചിൽ പുരോഗമിക്കുകയാണ്. കൊളംബോയിൽ നിന്ന് മുബൈയിലേക്ക് പോകുകയായിരുന്ന കപ്പലിലാണ് ഇന്നലെ രാവിലെ തീപിടിച്ചത്. സമീപ തീര പ്രദേശങ്ങളിൽ കർശന ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**ARUNKUMAR+ATHIL PILLAI**

കപ്പലിലെ തീ നിയന്ത്രണ വിധേയമായിട്ടില്ലെന്ന് അഴീക്കൽ പോർട്ട് ഓഫീസർ അരുൺ കുമാർ പി മാധ്യമങ്ങളോട് പറഞ്ഞു. കടലിൽ വീണ കണ്ടെയ്നറുകൾ തൃശൂർ, എറണാകുളം ജില്ലയുടെ തീരങ്ങളിൽ അടിയാൻ സാധ്യതയുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. രക്ഷാപ്രവർത്തനങ്ങൾ അവലോകനം ചെയ്യാൻ ഇന്ന് വിവിധ ടീമുകളുടെ സംയുക്ത യോഗം ചേരും. തീ അണയ്ക്കുന്നതിനും കാണാതായവരെ കണ്ടെത്തുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നതായി ഡിഫൻസ് പിആർഒ അതുൽ എസ് പിള്ള അറിയിച്ചു. മേഖലയിൽ വ്യോമ നിരീക്ഷണം തുടരുന്നതായും. സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## HEADLINE-5

**AXIOM – 4 (intro)**

*ഇന്ന് നടക്കാനിരുന്ന ആക്സിയം-4 ബഹിരാകാശ ദൗത്യം വിക്ഷേപണം മോശം കാലാവസ്ഥ മൂലം നാളത്തേക്ക് മാറ്റി. നാളെ വൈകുന്നേരം 5.30-നായിരിക്കും വിക്ഷേപണമെന്ന് ഐഎസ്ആർഒ ചെയർമാൻ വി നാരായണൻ അറിയിച്ചു. ഇന്ത്യക്കാരനായ ശുഭാൻശു ശുക്ല ഉൾപ്പെടെ നാല് ബഹിരാകാശയാത്രികരാണ് 14 ദിവസത്തെ ദൗത്യത്തിനായി പുറപ്പെടുന്നത്. ദൗത്യത്തിന്റെ ഭാഗമാകാൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ടെന്ന് ശുഭാൻശു ശുക്ല പറഞ്ഞു.*

*(ഹോൾഡ്)*

*ഇന്ത്യയ്ക്ക് പുറമെ യു.എസ്, പോളണ്ട്, ഹംഗറി എന്നിവിടങ്ങളിൽ നിന്നുള്ള യാത്രികരാണ് ദൗത്യത്തിലുള്ളത്. അമേരിക്കയിലെ കെന്നഡി സ്പെയ്സ് സെന്ററിൽ നിന്നും, സ്പെയ്സ് എക്സിന്റെ ഡ്രാഗൺ പേടകമാണ് യാത്രികരെ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ എത്തിക്കുന്നത്.*

&&&&&&&&&&&&&&&&&&

## HEADLINE-3

**HM-COMPENSATION**

ഓപ്പറേഷൻ സിന്ദൂറിനെ തുടർന്നുണ്ടായ പാക് ഷെല്ലാക്രമണത്തിൽ തകർന്ന, ജമ്മു കശ്മീർ, പഞ്ചാബ് അതിർത്തി മേഖലകളിലെ വീടുകളുടെ പുനർനിർമ്മാണത്തിനായി കേന്ദ്രസർക്കാർ 25 കോടി രൂപ കൂടി ധനസഹായം അനുവദിച്ചു. 2,060 വീടുകളുടെ പുനർനിർമ്മാണത്തിനാണ് തുക അനുവദിച്ചത്.. പൂർണമായി തകർന്ന വീടുകൾക്ക് രണ്ട് ലക്ഷം രൂപയും ഭാഗികമായി തകർന്നവയ്ക്ക് ഒരു ലക്ഷം രൂപയും അധികമായി നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി വ്യക്തമാക്കിയിരുന്നു.

&&&&&&&&&&&&&&&&&&

**GOYAL-SWITZERLAND (intro)**

***ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ്‌വ്യവസ്ഥ എന്നതിലുപരി, ബിസിനസ്സ് ചെയ്യാൻ പറ്റിയ ഏറ്റവും നല്ല ഇടമായാണ് ലോകം ഇന്ത്യയെ അംഗീകരിക്കുന്നതെന്ന് കേന്ദ്ര വാണിജ്യ മന്ത്രി പീയൂഷ് ഗോയൽ. സ്വിറ്റ്സർലൻഡിൽ ഇന്ത്യ-EFTA വ്യാപാര, സാമ്പത്തിക പങ്കാളിത്ത കരാർ സംബന്ധിച്ച ചർച്ചയ്ക്ക് ശേഷം മാധ്യമങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യ- സ്വിറ്റ്സർലൻഡ് വ്യാപാര, നിക്ഷേപ അവസരങ്ങളെക്കുറിച്ചും, സാധ്യതകളെക്കുറിച്ചും ചർച്ച ചെയ്തതായി അദ്ദേഹം പറഞ്ഞു.***

*(ഹോൾഡ്)*

***ഇന്ത്യയും നാല് യൂറോപ്യൻ രാജ്യങ്ങളുടെ കൂട്ടായ്മയായ EFTA-യും തമ്മിലുള്ള സ്വതന്ത്ര വ്യാപാര കരാർ സെപ്റ്റംബർ മുതൽ പ്രാബല്യത്തിൽ വരും. ഐസ്ലൻഡ്, ലിക്റ്റൺസ്റ്റെയ്ൻ, നോർവേ, സ്വിറ്റ്സർലൻഡ് എന്നിവയാണ് EFTA അംഗങ്ങളായ യൂറോപ്യൻ രാജ്യങ്ങൾ.***

&&&&&&&&&&&&&&&&&&

**BREAK**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

## HEADLINE-4

**NILAMBUR**

നിലമ്പൂരിൽ ഉപതിരഞ്ഞെടുപ്പ് പ്രചാരണം ശക്തമാക്കി മുന്നണികൾ. പി രാജീവ്, വി ശിവൻകുട്ടി തുടങ്ങി പത്തോളം മന്ത്രിമാർ, പ്രതിപക്ഷനേതാവ് വി ഡി സതീശൻ, കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫ്, പ്രതിപക്ഷ ഉപനേതാവ് പി കെ കുഞ്ഞാലിക്കുട്ടി, ബിജെപി മുൻ സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ, ഉൾപ്പടെയുള്ള നേതാക്കൾ പ്രചാരണ രംഗത്തുണ്ട്. ഈ മാസം 19 നാണ് നിലമ്പൂരിൽ വോട്ടെടുപ്പ്. വോട്ടെണ്ണൽ 23 ന് നടക്കും.

&&&&&&&&&&&&&&&&&&

**TRAWLING BAN**

സംസ്ഥാനത്ത് ട്രോളിങ് നിരോധനം നിലവിൽവന്നു. ജൂലൈ 31 അർദ്ധരാത്രി വരെ 52 ദിവസം നീളുന്ന ട്രോളിങ് നിരോധനത്തിനാണ് തുടക്കമായത്. ട്രോളിങ് ബോട്ടുകൾ കടലിൽ പോകുന്നത് തടയുന്നതിനായി ഫിഷറീസ് അധികൃതർ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**Om Birla IIT- Intro**

*യുവ ശക്തിയിലൂടെയും സാങ്കേതിക വിദ്യകളിലൂടെയും സമകാലിക വെല്ലുവിളികളെ നേരിടുന്ന ആഗോള ശക്തിയായി ഇന്ത്യ മാറിയതായി ലോക്സഭാ സ്പീക്കർ ഓം ബിർള. സാമൂഹിക, സാമ്പത്തിക, സാങ്കേതിക മേഖലകളിലെ മുന്നേറ്റങ്ങളിൽ യുവാക്കൾ വഹിക്കുന്ന പങ്കിനെയും അദ്ദേഹം പ്രശംസിച്ചു. വികസനത്തിനായി സാങ്കേതിക വിദ്യയെ കൂടുതൽ പ്രയോജനപ്പെടുത്തണമെന്നും, രാജ്യ*

*പുരോഗതിയിൽ യുവാക്കൾക്ക് നിർണായക സ്ഥാനമുണ്ടെന്നും ജോദ്പൂർ ഐഐടിയിൽ സംഘടിപ്പിച്ച പരിപാടിയിൽ അദ്ദേഹം പറഞ്ഞു.*

*(ഹോൾഡ്)*

&&&&&&&&&&&&&&&&&&

**L MURUGAN&B-MURUGAN-11 YEAR-**

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ കഴിഞ്ഞ 11 വർഷത്തിനിടെ രാജ്യം ഗണ്യമായ വളർച്ചയ്ക്കും സദ്ഭരണത്തിനും സാക്ഷ്യം വഹിച്ചതായി കേന്ദ്ര സഹമന്ത്രി എൽ. മുരുഗൻ. മോദി സർക്കാർ 11 വർഷം പൂർത്തിയാക്കുന്നതിനോടനുബന്ധിച്ച് പുതുച്ചേരിയിൽ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സുതാര്യവും ജനകേന്ദ്രീകൃതവുമായ ഭരണത്തിലേക്ക് രാജ്യം വഴിമാറിയെന്നും മന്ത്രി പറഞ്ഞു. ലോകത്തിലെ നാലാമത്തെ വലിയ സമ്പദ്വ്യവസ്ഥയായി ഇന്ത്യ മാറി എന്നതിന് പുറമേ, 27 കോടി ജനങ്ങളെ ദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കാൻ സർക്കാരിന് സാധിച്ചതായും ശ്രീ എൽ മുരുഗൻ ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&

**UN Ocean Conference**

ഐക്യരാഷ്ട്രസഭയുടെ സമുദ്ര സമ്മേളനം ഫ്രാൻസിലെ തീരദേശ നഗരമായ നീസിൽ പുരോഗമിക്കുന്നു. സമുദ്ര കേന്ദ്രീകൃത കാലാവസ്ഥാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള അന്താരാഷ്ട്ര സംരംഭത്തിന് ഫ്രാൻസും ബ്രസീലും ചേർന്ന് തുടക്കം കുറിച്ചു. കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗിന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻ പ്രതിനിധി സംഘവും സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. . സമ്മേളനം ഈ മാസം 13ന് സമാപിക്കും.

&&&&&&&&&&&&&&&&&&

**HEADLINE-6**

## US-CHINA TRADE TALKS

യുഎസും ചൈനയും തമ്മിലുള്ള വ്യാപാര യുദ്ധം പരിഹരിക്കുന്നതിനുള്ള പുതിയ ചർച്ചകൾ ലണ്ടനിൽ ആരംഭിച്ചു. ചർച്ച മികച്ച രീതിയിൽ പുരോഗമിക്കുന്നതായി യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് പറഞ്ഞു. കഴിഞ്ഞയാഴ്ച ട്രംപും ചൈനീസ് പ്രസിഡന്റ് ഷി ജിങ് പിങ്ങും തമ്മിൽ നടത്തിയ ടെലഫോൺ സംഭാഷണത്തിൻറെ തുടർച്ചയായാണ് ചർച്ചകൾ. വ്യാപാരവുമായി ബന്ധപ്പെട്ട് കഴിഞ്ഞ മാസം ജനീവയിൽ രൂപംകൊണ്ട താൽക്കാലിക സമാധാന കരാർ പുനരുജ്ജീവിപ്പിക്കാനും ഇരുരാജ്യങ്ങളും ശ്രമിക്കുന്നുണ്ട്. ഇത് വ്യാപാര സംഘർഷങ്ങൾ കുറച്ച്, വിപണിയെ ശാന്തമാക്കിയെന്നാണ് പൊതുവായ വിലയിരുത്തൽ.

&&&&&&&&&&&&&&&&&&

## TRUMP

ഇമിഗ്രേഷൻ റെയ്ഡിനെതിരെ ലോസ് ആഞ്ചലസിൽ നടക്കുന്ന പ്രതിഷേധങ്ങളുടെ പശ്ചാത്തലത്തിൽ നാഷണൽ ഗാർഡിന്റെ 2000 അംഗങ്ങളെക്കൂടി മേഖലയിൽ വിന്യസിക്കാൻ നിർദ്ദേശം നൽകി യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. നഗരമധ്യത്തിൽ ആയിരത്തിലധികം പ്രതിഷേധക്കാർ കഴിഞ്ഞ ദിവസം നാഷണൽ ഗാർഡുമായി ഏറ്റുമുട്ടിയിരുന്നു. സമാധാനപരമായി നടന്ന പ്രതിഷേധങ്ങൾക്കെതിരെ ഡോണൾഡ് ട്രംപ് സൈന്യത്തെ നിയോഗിച്ചെന്നാണ് പ്രതിഷേധക്കാരുടെ വാദം.

&&&&&&&&&&&&&&&&&&

## RUSSIA-IRANIAN NUCLEAR PLANTS

ഇറാനിൽ റഷ്യ എട്ട് ആണവ നിലയങ്ങൾ നിർമ്മിക്കുമെന്ന് ഇറാൻ ആണവോർജ്ജ സംഘടന പ്രസിഡന്റ് മുഹമ്മദ് ഇസ്ലാമി. ഇരുരാജ്യങ്ങളും തമ്മിൽ മുൻപ് ഒപ്പുവച്ച കരാർ പ്രകാരമാണിത്. ഇറാന്റെ ആണവോർജ്ജ ഉൽപാദന ശേഷി മൂന്നിരട്ടിയാക്കാൻ പദ്ധതിയിടുന്നതായും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**WEATHER**

സംസ്ഥാനത്ത് വ്യാഴാഴ്ച മുതൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്. വിവിധ ജില്ലകളിൽ ഇന്നും നാളെയും ഒറ്റപ്പെട്ട ശക്തമായ മഴ തുടരും. ഇന്ന് പത്തനംതിട്ട, ആലപ്പുഴ, കോട്ടയം , എറണാകുളം, തൃശൂർ ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ നിന്ന് മറ്റന്നാൾ മുതൽ മത്സ്യബന്ധനത്തിന് പോകുന്നതിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&&

**J K-HEATWAVE**

ജമ്മു കശ്മീരിൽ കഴിഞ്ഞ നാല് ദിവസമായി ഉഷ്ണ തരംഗം രൂക്ഷമായി തുടരുന്നു. അഞ്ച് ജില്ലകളിൽ താപനില 40 ഡിഗ്രി സെൽഷ്യസിന് മുകളിൽ രേഖപ്പെടുത്തി. ഈ മാസം 13 വരെ ഉഷ്ണതരംഗം തുടരുമെന്നാണ് കാലാവസ്ഥാ മുന്നറിയിപ്പ്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&

&&&&&